1500

# കൽപ്പറ്റ നഗരസഭ

## വ്യവസായ, വ്യാപാര, തൊഴിൽ സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും മറ്റുമുള്ള
## ട്രേഡ് ലൈസൻസ്
## (Industries, Factoies and other trade)

1. ലൈസൻസ് നമ്പർ PH/1500/XIII/179(243,244)2019 വർഷം 2019-20 ഫയൽ നമ്പർ PH/9671/19
2. ലൈസൻസിയുടെ പേരും വീട്ടുപേരും ശാന്തിനി. വി.വി, സുധ ഭവൻ, കാരന്തൂർ, കുന്ദമംഗലം, കോഴിക്കോട്.
3. അച്ഛന്റെ പേര്
4. വ്യാപാര/വ്യവസായ/തൊഴിൽ സ്ഥാപനത്തിന്റെ പേരും വിലാസവും യാത്രാ ഹോളിഡെയ്സ്, സൂര്യ ബിൽഡിംഗ്, കൽപ്പറ്റ.
5. വാർഡ്/കെട്ടിട നമ്പർ 12/179(243,244) —
6. വ്യാപാര/വ്യവസായ/തൊഴിൽ സംബന്ധിച്ച വിവരങ്ങൾ ട്രാവൽ ഏജൻസി (ഇന്റർനാഷണൽ സർവ്വീസ്)
7. മെഷിനറികളുണ്ടെങ്കിൽ അവയുടെ ഉപയോഗവും മോട്ടോറുകളുടെ കുതിരശക്തിയും —
8. ലൈസൻസ് ഫീസ് തുക 1000/— 9. രസീത് നമ്പരും തീയ്യതിയും 119010 - 100901 13/06/2019

മുനിസിപ്പൽ ആഫീസ്, കൽപ്പറ്റ

തീയ്യതി 01/08/2019 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഹെൽത്ത് ഇൻസ്പെക്ടർ/സെക്രട്ടറി

MUNICIPAL OFFICE KALPETTA

1/08/2019

HEALTH INSPECTOR GRADE-1
KALPETTA MUNICIPALITY

## നിബന്ധനകൾ

### A സാധാരണ നിബന്ധനകൾ

1. വ്യാപാരം നടത്തുന്ന കെട്ടിടത്തിന്റെ മുൻവശത്ത് പൊതുവിൽ കാണാവുന്ന വിധത്തിൽ ലൈസൻസ് പ്രദർശിപ്പിക്കേണ്ടതാണ്. ലൈസൻസ് യാതൊരു കാരണവശാലും മുനിസിപ്പൽ അധികൃതരുടെ അനുമതി കൂടാതെ മറ്റൊരാൾക്ക് കൈമാറാൻ പാടുള്ളതല്ല. കൈമാറ്റം ചെയ്യുന്ന ലൈസൻസുകൾ സാധുവാകുന്നതല്ല.
2. ശരിയായ ചുമർ ഇല്ലാത്തതോ, ഓല, വൈക്കോൽ മുതലായ സാധനങ്ങൾ കൊണ്ട് മേഞ്ഞതോ ആയ കെട്ടിടങ്ങളിലും, നിലം ഇഷ്ടിക വിരിക്കാത്തതോ, സിമന്റിടാത്തതോ ആയ കെട്ടിടങ്ങളിലും വ്യാപാരം നടത്താൻ പാടില്ലാത്തത് ആകുന്നു.
3. വ്യാപാരസ്ഥലങ്ങൾ വെള്ളയടിച്ചും മറ്റും എപ്പോഴും വളരെ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഇതിനെ സംബന്ധിച്ച് സെക്രട്ടറിയോ ഹെൽത്ത് ഇൻസ്പെക്ടറോ നൽകുന്ന നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുവാൻ ലൈസൻസുകാരൻ ബാധ്യസ്ഥനായിരിക്കും.
4. വ്യാപാരസ്ഥലങ്ങളിലെ അഴുക്ക് വെള്ളം പൊതുജനങ്ങൾക്ക് ഉപദ്രവകരമല്ലാത്ത രീതിയിൽ സെക്രട്ടറിയോ, ഹെൽത്ത് ഇൻസ്പെക്ടറോ നിർദ്ദേശിക്കുന്ന വിധത്തിൽ പുറത്തേയ്ക്ക് വിടേണ്ടതാണ്. യാതൊരു കാരണവശാലും മലിനജലം പൊതുനിരത്തിലേയ്ക്ക് ഒഴുക്കിവിടാൻ പാടുള്ളതല്ല.
5. വ്യാപാര സ്ഥലത്ത് വെളിച്ചത്തിനും, വായു സഞ്ചാരത്തിനും വേണ്ടതായ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
6. മുനിസിപ്പാലധികൃതർക്ക് ഏത് സമയത്തും വ്യാപാര സ്ഥലങ്ങൾ പരിശോധിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.
7. വ്യാപാര സ്ഥലം വാസസ്ഥലമായി ഉപയോഗിക്കാൻ പാടുള്ളതല്ല.
8. ലൈസൻസിന്റെ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതും, മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.
9. മുൻസിപ്പൽ അധികൃതർ കൊടുക്കുന്ന നിർദ്ദേശങ്ങൾ അനുസരിക്കുന്നതിന് ലൈസൻസുകാരൻ ബാധ്യസ്ഥനാകുന്നു.
10. പ്രത്യേകം ഉപനിയമങ്ങൾ ഉള്ള വ്യാപാരങ്ങളെ സംബന്ധിച്ചിടത്തോളം അതിലെ നിബന്ധനകൾ കൂടി ബാധകമാകുന്നതാണ്.
11. പ്രത്യേകം ഉപനിയമങ്ങൾ ഉള്ള വ്യാപാരങ്ങളെ സംബന്ധിച്ചിടത്തോളം അതാതിന്റെ സ്വഭാവമനുസരിച്ച് മുൻസിപ്പൽ അധികൃതർ യഥാസമയം നൽകുന്ന നിർദ്ദേശങ്ങളും ഏർപ്പെടുത്തുന്ന വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്.
12. ലൈസൻസ് നിലവിലുള്ള മുനിസിപ്പൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും.

### B പ്രത്യേക നിബന്ധനകൾ

**I മത്സ്യം**

1. വ്യാപാരസ്ഥലം ആവശ്യാനുസരണം വെള്ളംകൊണ്ട് കഴുകി വൃത്തിയാക്കേണ്ടതാണ്.
2. ചീഞ്ഞ മത്സ്യങ്ങൾ ശേഖരിക്കുവാനോ, വിൽക്കുവാനോ പാടുള്ളതല്ല.